പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2357 15.07.2011-ൽ മറുപടിയ്ക്ക്

## ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനുള്ള പദ്ധതികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ബാബു,എം,പാലിശ്ശേരി | ശ്രീ.എ.പി.അനിൽകുമാർ (പട്ടികജാതി- പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്ത് കഴിഞ്ഞ ടൂറിസം സീസണിൽ എത്ര ആഭ്യന്തര/വിദേശ ടൂറിസ്റ്റുകൾ സന്ദർശനം നടത്തിയിട്ടുണ്ട്. | എ) 2010 ജനുവരി മുതൽ ഡിസംബർ വരെയുള്ള കാലയളവിൽ 6,59,265 വിദേശ വിനോദ സഞ്ചാരികളും 85,95,075 ആഭ്യന്തര വിനോദ സഞ്ചാരികളും കേരളം സന്ദർശിച്ചതായി കണക്കാക്കിയിട്ടുണ്ട്. |
| ബി) തൃശ്ശൂർ ജില്ലയിലെ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ; | ബി) തൃശ്ശൂർ ജില്ലയിലെ ആതിരപ്പള്ളി, ചാലക്കുടി, ചാവക്കാട്, ഗുരുവായൂർ എന്നിവ വിനോദസഞ്ചാര വകുപ്പ് പ്രഖ്യാപിച്ച മുഖ്യ വിനോദ സഞ്ചാര കേന്ദ്രങ്ങളാണ്. കൂടാതെ, തൃശ്ശൂർ ജില്ലയിലെ മറ്റു പ്രധാന ടൂറിസ്റ്റു കേന്ദ്രങ്ങൾ തുമ്പൂർ മുഴി റിവർ ഗാർഡൻ, ചിമ്മിനി ഡാം, അഴീക്കോട് മുനക്കൽ ബീച്ച്, തളിക്കുളം സ്നേഹതീരം ബീച്ച് പാർക്ക്, വിലങ്ങൻ കുന്ന്, പീച്ചി ഡാം, വാഴാനി ഡാം, ശക്തൻ പാലസ്, പാലയൂർ പള്ളി, ഏനമ്മാവ് നെഹ്രു പാർക്ക്, പൂമല ഡാം, ചെറുതുരുത്തി കേരള കലാമണ്ഡലം, കൊടുങ്ങല്ലൂർ ചേരമാൻ ജുമാമസ്ജിദ്, കൊടുങ്ങല്ലൂർ ദേവീക്ഷേത്രം, ചേറ്റുവ എന്നിവയാണ്. |

| | | | |
|---|---|---|---|
| സി) | സംസ്ഥാനത്ത് എത്തുന്ന ആഭ്യന്തര/വിദേശ ടൂറിസ്റ്റുകളെ തൃശ്ശൂർ ജില്ലയിലെ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിലേക്ക് ആകർഷിക്കുന്നതിന്, തൃശ്ശൂർ ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ? | സി) | തൃശ്ശൂർ ജില്ലയിലെ പ്രധാന ഡെസ്റ്റിനേഷനുകളെ ബന്ധപ്പെടുത്തി ടൂർ പാക്കേജുകൾ ആരംഭിക്കുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ